15 YEARS OF CELEBRATING THE MAHATMA

നം. 2994/എ1/2020/അഡ്മിൻ

20.03.2020

## അറിയിപ്പ്

വിഷയം:- ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളുടെ നിയന്ത്രണം - ക്രമീകരണങ്ങൾ സംബന്ധിച്ച്:-

സൂചന:- 1) 14.03.2020 42/2020/ഉ.വി.വ നമ്പർ ഉത്തരവ്

2) ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള നിർദ്ദേശം

നോവൽ കൊറോണ (കോവിഡ് - 19) വൈറസിന്റെ വ്യാപനം തടയുന്നതിന്റെ ഭാഗമായി സർവകലാശാലാപ്രവർത്തനങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ 21.03.2020 മുതൽ താഴെപറയുന്ന ക്രമീകരണങ്ങൾ നടപ്പിൽ വരുത്തിയിരിക്കുന്നു.

എല്ലാപഠനവകുപ്പുകളും 21.03.2020 മുതൽ അടയ്ക്കുന്നതാണ്. അദ്ധ്യാപകരും ഗവേഷകരുൾപ്പെടെയുള്ള വിദ്യാർത്ഥികളും ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ ഹാജരാകേണ്ടതില്ല. ഇനിയും പൂർത്തിയാകാനുള്ള വൈവ പരീക്ഷ, പ്രബന്ധ സമർപ്പണം, മൂല്യനിർണയം എന്നിവ സംബന്ധിച്ചുള്ള പുതുക്കിയ തിയതികൾ സർവകലാശാലയുടെ വെബ്സൈറ്റ് മുഖാന്തിരം അറിയിക്കുന്നതാണ്.

പുരുഷ, വനിതാ ഹോസ്റ്റലുകൾ, കാന്റീൻ എന്നിവ 21.03.2020 മുതൽ ഇനിയൊരറിയിപ്പ് വരെ പ്രവർത്തിക്കുന്നതല്ല. ഹോസ്റ്റലുകൾ 21./03/2020 ന് രാവിലെ 8 മണിയോടെ അടച്ച് താക്കോലുകൾ രജിസ്ട്രാർക്ക് കൈമാറേണ്ടതാണ്. ലൈബ്രറിയിലെ റീഡിംഗ് റൂം, പൊതുഉപയോഗത്തിനുള്ള കമ്പ്യൂട്ടറുകൾ എന്നിവ ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ ആരും ഉപയോഗിക്കാൻ പാടുള്ളതല്ല. പുസ്തകം കൊടുക്കൽ വാങ്ങലുകളും നിർത്തിവക്കേണ്ടതാണ്.

ഡോ. ടി. അനിതകുമാരി
രജിസ്ട്രാർ ഇൻ ചാർജ്

പകർപ്പ്:

എല്ലാ. അധ്യാപകർക്കും/വി.സിയുടെ കാര്യാലയം/
വിദ്യാർത്ഥിക്ഷേമ ഡയറക്ടർ/ലൈബ്രറി/അക്കൗണ്ട്സ്/ഫിനാൻസ്
പി.ആർ.ഒ. ഓഫീസ്/പബ്ലിക്കേഷൻസ്/നോട്ടീസ് ബോർഡുകൾ/
ഹോസ്റ്റൽ വാർഡൻ/കെയർടേക്കർ/സെക്യൂരിറ്റി ഓഫീസർ